# മഹാത്മാ ഗാന്ധി സർവ്വകലാശാല


## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ജൂലൈ 6

# വാർത്താക്കുറിപ്പ്

## എം.ജി. അവസാന സെമസ്റ്റർ പരീക്ഷകളൊഴികെ എല്ലാ പരീക്ഷകളും മാറ്റി

അവസാന സെമസ്റ്റർ, മേഴ്സി ചാൻസ്, സപ്ലിമെന്ററി പരീക്ഷകളൊഴികെ മഹാത്മാഗാന്ധി സർവകലാശാല നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചു. ജൂലൈ 10ന് ആരംഭിക്കാനിരുന്ന എൽ.എൽ.ബി. റഗുലർ, സപ്ലിമെന്ററി പരീക്ഷകളും മാറ്റി. നാലാം സെമസ്റ്റർ പി.ജി. അടക്കം വിവിധ പ്രോഗ്രാമുകളുടെ അവസാന സെമസ്റ്റർ പരീക്ഷകൾക്കും മേഴ്സി ചാൻസ്, സപ്ലിമെന്ററി പരീക്ഷകൾക്കും മാറ്റമില്ല. കോവിഡ് 19 വ്യാപനത്തെത്തുടർന്ന് പരീക്ഷയെഴുതാൻ കഴിയാത്ത വിദ്യാർഥികൾക്ക് റഗുലറായി എഴുത്ത്, പ്രാക്ടിക്കൽ പരീക്ഷയ്ക്ക് അവസരം നൽകുമെന്നും വൈസ് ചാൻസലർ അറിയിച്ചു.

(പി.ആർ.ഒ/39/689/2020)

## പരീക്ഷ തീയതി

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ നാലാം സെമസ്റ്റർ എം.എഡ്. (സി.എസ്.എസ്. - 2018-2020) എക്സ്റ്റേണൽ പരീക്ഷകൾ ജൂലൈ 13 മുതൽ നടക്കും. പിഴയില്ലാതെ ജൂലൈ എട്ടുവരെയും 525 രൂപ പിഴയോടെ ഒൻപതുവരെയും അപേക്ഷിക്കാം. 1400 രൂപയാണ് പരീക്ഷ ഫീസ്. സർവകലാശാല ഇ-പേയ്മെന്റ് പോർട്ടൽ വഴിയാണ് ഫീസടയ്ക്കേണ്ടത്. എസ്.സി./എസ്.ടി./ഒ.ഇ.സി. വിദ്യാർഥികൾ ഫീസടയ്ക്കേണ്ടതില്ല.

(പി.ആർ.ഒ/39/690/2020)

## എം.ജി. പിഎച്ച്.ഡി. രജിസ്ട്രേഷന് അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാല പിഎച്ച്.ഡി. രജിസ്ട്രേഷന് (2020 അഡ്മിഷൻ) അപേക്ഷ ക്ഷണിച്ചു. ബിരുദാനന്തര ബിരുദ ഫലം പ്രതീക്ഷിക്കുന്നവർക്കും അപേക്ഷിക്കാം. എം.ജി.യു. പിഎച്ച്.ഡി. എൻട്രൻസ് 2020ന് അപേക്ഷിക്കുന്നവർ ഇപ്പോൾ രജിസ്ട്രേഷൻ സമർപ്പിക്കേണ്ടതില്ല. വിശദവിവരങ്ങളും അപേക്ഷഫോമും സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/691/2020)

## പരീക്ഷഫലം

2020 ഫെബ്രുവരിയിൽ മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എഡ്. (സി.എസ്.എസ്., 2019-2021 ബാച്ച്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/692/2020)

2019 നവംബറിൽ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ നടന്ന ഒന്നാം സെമസ്റ്റർ എം.ഫിൽ. മലയാളം, എം.ഫിൽ ഇംഗ്ലീഷ്, എം.ഫിൽ തിയേറ്റർ ആർട്സ് (സി.എസ്.എസ്. - 2018-2020 ബാച്ച് ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/693/2020)

2019 ഒക്ടോബറിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്‌സി. സുവോളജി (സ്പെഷൽ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 21 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/694/2020)

## കമ്പ്യൂട്ടർ ലാബ് ഇൻ ചാർജ്; വോക്-ഇൻ-ഇന്റർവ്യൂ എട്ടിന്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിൽ കമ്പ്യൂട്ടർ ലാബ് ഇൻ ചാർജിനെ കരാറടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിക്കുന്നു. ഒരൊഴിവാണുള്ളത്. വോക്-ഇൻ-ഇന്റർവ്യൂ ജൂലൈ എട്ടിന് ഉച്ചകഴിഞ്ഞ് രണ്ടിന് അഡ്മിനിസ്ട്രേറ്റീവ്

ബ്ലോക്കിൽ നടക്കും. ഒരു വർഷത്തേക്കാണ് നിയമനം. മാസം 15000 രൂപ ലഭിക്കും. താല്പര്യമുള്ളവർ പ്രായം, യോഗ്യത, ജാതി, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസലും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ബയോഡാറ്റയും സഹിതം രാവിലെ 11.30ന് എ.ഡി. എ4 സെക്ഷനിൽ ഹാജരാകണം. വിശദവിവരം www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0481-2733303.

(പി.ആർ.ഒ/39/695/2020)

## സിൻഡിക്കേറ്റ് യോഗം എട്ടിന്

മഹാത്മാഗാന്ധി സർവകലാശാല സിൻഡിക്കേറ്റിന്റെ യോഗം ജൂലൈ എട്ടിന് രാവിലെ 10.30ന് സിൻഡിക്കേറ്റ് ഹാളിൽ നടക്കും. പുതിയ സിൻഡിക്കേറ്റ് ചുമതലയേറ്റതിന്ശേഷമുള്ള ആദ്യയോഗമാണിത്. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിക്കും.

(പി.ആർ.ഒ/39/696/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ